09/04/2024 ന് രാവിലെ 11.00 മണിക്ക് പാട്യം ഗ്രാമ പഞ്ചായത്ത് ഓഫിസില് വെച്ച് ചേർന്ന സിറ്റിസണ് അസിസ്റ്റന്റ് ഉപജില്ലാ സമിതി 4 ന്റെ യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

1. വി. വി. രത്നാകരൻ -കൺവീനർ & ഐ. വി. ഒ -(ഒപ്പ് )
2. ദിലീപ് കുമാർ കെ -അസിസ്റ്റൻറ് എക്സി. എൻജിനിയർ LSGD -(ഒപ്പ് )
3. രാജീവ് പി എം – അസിസ്റ്റൻറ് ടൌണ് പ്ലാനർ LSGD Planning – (ഒപ്പ് )
4. സുനിൽ സി ഹെഡ് ക്ലാർക്ക് പാട്യം ഗ്രാമ പഞ്ചായത്ത് -(ഒപ്പ് )
5. രസിത കെ.എൻ ഓവർസിയര് പാട്യം ഗ്രാമ പഞ്ചായത്ത് – (ഒപ്പ് )
6. സുജാത ജി ക്ലാർക്ക് തലശ്ശേരി മുനിസിപ്പാലിറ്റി -(ഒപ്പ് )
7. പ്രീത കാരായി -(ഒപ്പ് )
8. സുധീർ ബാബു -(ഒപ്പ് )
9. വനജ.പി (ഫോൺ മുഖേന )

<u>58/04-2024 DT. 09/04/2024 ( പാട്യം ഗ്രാമപഞ്ചായത്ത് )</u>

ഉപജില്ല അദാലത്ത് പോർട്ടലിൽ ശ്രീമതി പ്രീത കാരായി, കുന്നുമ്മൽ ഹൗസ് അയോധ്യ നഗർ മൂരിയാട്, വലിയ വെളിച്ചം (പി ഒ ) എന്നവര് ലഭ്യമാക്കിയ, പാട്യം ഗ്രാമപഞ്ചായത്തിലെ building permit with regularization നുമായി ബന്ധപ്പെട്ട പരാതിയിൽ അപേക്ഷകയെയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ജീവനക്കാരെയും നേരിൽ കേട്ടതിൽ നിന്നും ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോധ്യപ്പെട്ടു.

1. അപേക്ഷ 05/06/2022 ന് സമർപ്പിച്ചിട്ടുള്ളത് കാരായി പ്രീത & കൊറപ്പുറത്ത് വയലമ്പ്രൻ സുധീർ ബാബു എന്നിവർ സംയുക്തമായിട്ടാണ് എന്ന് കാണുന്നു.

2. ആയതിൽമേൽ 18/11/2022ലെ 401077/BRMC01/General Administration/2022/4217(1) നമ്പർ കത്ത് പ്രകാരം 17 ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പുനർ സമർപ്പിക്കുന്നതിന് വേണ്ടി സെക്രട്ടറി ,പാട്യം ഗ്രാമപഞ്ചായത്ത് അപേക്ഷകരെ അറിയിച്ചിട്ടുണ്ട്.

3. ഫയൽ പരിശോധിച്ചതിൽ ക്രമനമ്പർ 1, 3, ഒഴികെയുള്ള ന്യൂനതകൾ നിലനിൽക്കുന്നതാണെന്നും ആയതിൽ നമ്പർ 1 ൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ ,സമർപ്പിച്ചിരിക്കുന്ന ഉടമസ്ഥാവകാശ രേഖകൾ സ്ഥല പരിശോധന എന്നിവ നടത്തി പഞ്ചായത്ത് സാങ്കേതിക വിഭാഗം ജീവനക്കാർക്ക് തീരുമാനമെടുക്കാവുന്നതാണ് എന്ന് കാണുന്നു.. ക്രമനമ്പർ 3 ൽ പ്രതിപാദിച്ചിരിക്കുന്ന വിഷയം നിർമ്മാണം നടത്തിയിരിക്കുന്ന സ്ഥലത്തിനോട് ചേർന്ന് അപേക്ഷകർക്ക് മറ്റു സ്ഥലം ഉണ്ടെങ്കിൽ മാത്രം

നിലനിൽക്കുന്നതാണ്. ആയതിനോട് ചേർന്ന് സ്ഥലം അപേക്ഷകർക്ക് നിലവിലില്ല എന്ന് നേരിൽ കേട്ട സമയത്ത് അപേക്ഷകർ അറിയിച്ചിട്ടുണ്ട്

മേൽ സൂചിപ്പിച്ച വസ്തുതകൾ പ്രകാരം സ്ഥലത്ത് നിലവിലുള്ള റോഡുകൾ കാണിച്ചുകൊണ്ടും സെക്രട്ടറിയുടെ നോട്ടീസിൽ സൂചിപ്പിച്ച മറ്റ് അപാകതകൾ പരിഹരിച്ചു കൊണ്ടും ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ അപേക്ഷ പുന: സമർപ്പിക്കുന്നതിന് നേരിൽ കേട്ട സമയത്ത് അപേക്ഷകരെ അറിയിക്കുകയും ഈ വിവരം ലൈസൻസിയെ ഫോൺ മുഖാന്തിരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയതിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു. മേൽ വിവരങ്ങൾ രേഖാമൂലം അപേക്ഷകരെ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.

<u>59 /04-2024 DT. 09/04/2024 ( തലശ്ശേരി മുനിസിപ്പാലിറ്റി )</u>

തലശ്ശേരി നഗരസഭ വാർഡ് നം.23/41 നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി വനജ.പി,എടച്ചോളി കുനിയിൽ ഹൌസ്,മൂഴിക്കര,തലശ്ശേരി എന്നവരുടെ പരാതി , ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ,അദാലത്ത് സമിതി പരിശോധിച്ചു നടപടി സ്വീകരിക്കുക എന്ന നിർദ്ദേശത്തോടെ ഉപജില്ലാ അദാലത്ത് സമിതി പോർട്ടലിൽ ലഭ്യമാക്കിയത് അദാലത്ത് സമിതിയുടെ 09/04/2024 ലെ യോഗത്തിൽ പരിഗണിക്കുകയും,അയതുമായി ബന്ധപെട്ട ഫയൽ പരിശോധിക്കുകയും ,സെക്ഷൻ ക്ലാർക്കിനെ നേരില് കേട്ടതില് നിന്നും പരാതിക്കാരിയെ ഫോണ് മുഖാന്തിരം കേട്ടതിൽ നിന്നും ചുവടെ പറയുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോധ്യപ്പെട്ടു

തലശ്ശേരി നഗരസഭ വാർഡ് നം.23 ല് ശ്രീ.എടച്ചോളി കുനിയിൽ അനന്തന് എന്നവരുടെ ഉടമസ്ഥതയിലുള്ള 41 നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തങ്ങളുടെ പേരില് മാറ്റി നൽകുന്നതിനായി പരാതി കക്ഷിയും മേൽപറഞ്ഞ ശ്രീ.എടച്ചോളി കുനിയിൽ അനന്തന് എന്നവരുടെ മകളുമായ ശ്രീമതി.പി.വനജ സഹോദരി ശ്രീമതി.പി.ഇന്ദിര എന്നിവർ 10/03/2023 തീയ്യതിയിൽ നഗരസഭയില് സംയുക്ത അപേക്ഷ സമർപ്പിച്ചിരുന്നു.അപേക്ഷയിന്മേൽ പ്രാഥമിക പരിശോധന നടത്തി 16/03/23 തീയ്യതിയിൽ പരിശോധനക്കും റിപ്പോർട്ടിനുമായി R I ക്ക് കൈമാറുകയും പരിശോധന നടത്തി 29/03/23 തീയ്യതിയിൽ R I റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.ടി റിപ്പോർട്ടിൽ അപേക്ഷയോടൊപ്പം ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കി കാണുന്നില്ലെന്നും ആയതിലേക്കായി നോട്ടീസ് നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് 28/04/23 തീയ്യതി നോട്ടീസ് നൽകാവുന്നതാണെന്ന് RO/HC ഫയലിൽ കുറിക്കുകയും 02/05/23 തീയ്യതി സെക്രട്ടറി ആയത് അംഗീകരിക്കുകയും 26/05/23 തീയ്യതിയിൽ R3/7284/23 നമ്പർ പ്രകാരം പരാതി കക്ഷിക്ക് നോട്ടീസ് നല്കുകയും ചെയ്തിട്ടുണ്ട്.

മേല് നോട്ടീസിനുള്ള മറുപടി 31/05/23 തീയ്യതി പരാതി കക്ഷി 200/- രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കിയ സത്യവാങ്മൂലം(ഉടമസ്ഥാവകാശം മാറ്റലുമായി ബന്ധപ്പെട്ട് ഭാവിയിൽ ഏതെങ്കിലും തരത്തിലുള്ള dispute ഉണ്ടാകുന്ന പക്ഷം ആയതിന് നഗരസഭ ഉത്തരവാദിയല്ലെന്നും പൂർണ്ണ ഉത്തരവാദിത്തം തങ്ങൾക്കായിരിക്കുമെന്നുമുള്ള)സഹിതം നഗരസഭയിൽ ഹാജരാക്കുകയുണ്ടായി.തുടർന്ന് 12/06/23 തീയ്യതി ലഭ്യമാക്കിയ രേഖകളുടെ

അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം മാറ്റി നൽകാവുന്നതാണെന്ന് RI റിപ്പോർട്ട് ചെയ്യുകയും സമർപ്പിച്ച ഭാഗപത്രത്തിൽ( No. 1736/99 Dt 25/10/1999) കെട്ടിട നമ്പർ രേഖപ്പെടുത്താത്തതിനാൽ ഭാഗപത്രത്തില് പ്രസ്താവിച്ചിട്ടുള്ള സർവ്വെ നമ്പറില് തന്നെയാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത് എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ആവശ്യമാണെന്ന് സൂപ്രണ്ട് (റവന്യൂ) ഫയലിൽ അഭിപ്രായക്കുറിപ്പ് എഴുതുകയും,ആയത് അംഗീകരിച്ച് രേഖകൾ ആവശ്യപ്പെടുക എന്ന് 15/06/23 തീയ്യതി സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി.

തുടർന്ന് മേൽ നിർദ്ദേശ പ്രകാരമുള്ള രേഖകള് ഹാജരാക്കാന് 26/06/23 തീയ്യതി പരാതി കക്ഷിക്ക് അറിയിപ്പ് നൽകുകയും,ആയതിന് 14/07/23 തീയ്യതി മറുപടി നൽകുകയുമുണ്ടായി.മറുപടി പരിശോധിച്ച് സെക്ഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേല് ഫയല് പരിശോധിച്ച് ജമമാറ്റവുമായി ബന്ധപ്പെട്ട് KM Act 240 വ്യവസ്ഥ ചെയ്യുന്ന മുഴവൻ രേഖകളും ഹാജരാക്കിയിട്ടുണ്ടോ എന്ന് റിപ്പോർട്ട് ചെയ്യുക എന്ന് 20/07/23 സൂപ്രണ്ട് നിർദ്ദേശിക്കുയും ചെയ്തതായി ഫയൽ പരിശോധിച്ചതില് കാണാന് സാധിച്ചു.തുടർന്ന് ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ഉൾപ്പടെയുള്ള രേഖകള് ഹാജരാക്കുന്നതിന് അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയത് ഹാജരാക്കുന്നതിന് പരാതി കക്ഷി സാവകാശം ആവശ്യപ്പെടുകയും ആയതിന് 30/11/2023 വരെ സാവകാശം അനുവദിക്കുകയുമുണ്ടായി.തുടർന്നും സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് 3 മാസത്തെ സാവകാശം ആരാഞ്ഞതിന്റെ അടിസ്ഥാനത്തില് ആയതും അനുവദിക്കുകയും ഒടുവില് 15/01/24 തീയ്യതി ലീഗൽ ഹെയർ ഷിപ്പ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തില് 24/01/2024 തീയ്യതി ജമമാറ്റം അനുവദിക്കുകയും ആയത് 02/02/24 ന് രജിസ്റ്ററിൽ രേഖപെടുത്തുകയും ചെയ്തിട്ടുണ്ട്.

10/03/2023 തീയ്യതി സമർപ്പിച്ച ജമമാറ്റ അപേക്ഷ തീർപ്പാക്കുന്നതിന് 10 മാസത്തിലേറെക്കാലം വേണ്ടി വന്നതായി കാണാം.അപേക്ഷ ലഭ്യമായ സമയത്ത് ആവശ്യമായ രേഖകൾ സംബന്ധിച്ച കൃത്യമായ നിർദ്ദേശം അപേക്ഷകർക്ക് നൽകിയിരുന്നുവെങ്കില് അപേക്ഷ തീർപ്പാക്കുന്നതിലുള്ള കാലതാമസം,പരാതിക്കിടയായ സാഹചര്യം ഒഴിവാക്കാമായിരുന്നു.200/രൂപ മുഖവിലയുള്ള മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം ഹാജരാക്കുന്നതിന് വാക്കാല് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷക അപ്രകാരം ചെയ്തിട്ടുള്ളത്. എന്നാല് ഫയല് തീർപ്പിന് ആയത് പരിഗണിക്കപ്പെട്ടില്ലെന്നും കാണാവുന്നതാണ്.ഇപ്രകാരം അനാവശ്യ രേഖകള് ഹാജരാക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതായിരുന്നു എന്ന് കമ്മിറ്റി നിരീക്ഷിച്ചു

പരാതിയില് പരാമർശിച്ചിട്ടുള്ള സെക്രട്ടറി ഉൾപ്പടെയുള്ള ജീവനക്കാരുടെ മോശം പെരുമാറ്റം സംബന്ധിച്ച് ടി സമയത്ത് ഹാജരുണ്ടായതായിപ്പറയുന്ന നഗരസഭാ കൌൺസിലർമാരായ അഡ്വക്കറ്റ്.ശ്രീ.ശ്രീശൻ,സി സോമൻ എന്നിവരുമായി സംസാരിച്ചു.എന്നാൽ തങ്ങളുടെ മുഖദാവില് ജീവനക്കാരുടെ ഭാഗത്തു നിന്നും അത്തരത്തിലുള്ള പെരുമാറ്റം ഉണ്ടായിട്ടില്ലെന്ന് ഇരുവരും അറിയിക്കുകയുണ്ടായി.പരിശോധനാ വേളയിൽ പരാതിക്കാരി ശ്രീമതി.വനജ പിയുമായി ഫോണിൽ സംസാരിക്കുകയുണ്ടായി.പ്രായമായ താനും സഹോദരിയും അപേക്ഷയുമായി ബന്ധപ്പെട്ട് പലതവണ നഗരസഭയിൽ കയറി ഇറങ്ങേണ്ടി വന്നതായും ലീഗല് ഹയർ

ഹാജരാക്കിയതിനു ശേഷവും അതേ അനുഭമായിരുന്നെന്നും അവർ അറിയിക്കുകയുണ്ടായി. ksmart വിന്യാസവുമായി ബന്ധപ്പെട്ട് ചില സേവനങ്ങള് നൽകുന്നതിലുണ്ടായ പ്രയാസമാണ് ആയതിന് കാരണമായതെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ആയത് പരാതിക്കാരിയെ ധരിപ്പിക്കുകയുണ്ടായി.സേവനം ലഭ്യമായ സാഹചര്യത്തിൽ നിലവിൽ തനിക്ക് പരാതിയില്ലെന്ന് അവർ അറിയിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള പരാതിക്കിടയായ സാഹചര്യം ഇനിയും ആവർത്തിക്കാതിരിക്കാന് നഗരസഭാ ജീവനക്കാർക്ക് നിർദ്ദേശം നൽകുന്നതിന്സെക്രട്ടറിയോട് ആവശ്യപ്പെട്ടു തീരുമാനിച്ചു .

യോഗം 12.30 മണിക്ക് അവസാനിച്ചു ,അടുത്ത യോഗം 23/04/2024 ന് ചേരുന്നതിനു തീരുമാനിച്ചു

//ശരിപകർപ്പ് //

RATNAKARAN. V.V.
PEN: 475963
ASSISTANT DIRECTOR & INTERNAL VIGILANCE OFFICER
O/o THE JOINT DIRECTOR
LOCAL SELF GOVERNMENT DEPARTMENT
CIVIL STATION, KANNUR - 670002